## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1735** **11-10-2024 - ൽ മറുപടിയ്ക്ക്**

## കോളേജുകളിലെ അശാസ്ത്രീയമായ പ്രവേശന സമ്പ്രദായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിലെ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഡിഗ്രി, പി.ജി പ്രവേശനത്തിന് അഡ്മിഷൻ നടത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റിലെ അശാസ്ത്രീയത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ സർവകലാശാലകളിലെ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഡിഗ്രി, പി.ജി പ്രവേശനത്തിന് അശാസ്ത്രീയത ഒന്നും തന്നെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | അലോട്ട്മെന്റ് പൂർത്തിയായെങ്കിലും നിരവധി സീറ്റുകൾ പല കോളേജുകളിലും ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് മൂന്നാമത് ഒരു അലോട്ട്മെന്റ് കൂടി അനുവദിക്കുമോ; | (ബി) | ഒഴിവുകൾ പരമാവധി നികത്തുന്നതിന് നിലവിൽ മൂന്നോ അതിൽ കൂടുതലോ അലോട്ട്മെന്റുകൾ സർവകലാശാലകൾ അനുവദിക്കുന്നുണ്ട്. അതിനുശേഷം, ഒഴിവുകൾക്കനുസരിച്ച് സ്പോട്ട് അലോട്ട്മെന്റുകളും അനുവദിക്കുന്നുണ്ട്.<br><br>കഴിയുന്നത്ര ഒഴിവുകൾ നികത്തിയാണ് പ്രവേശന നടപടികൾ അവസാനിപ്പിക്കുന്നത്. |
| (സി) | ഒഴിവുള്ള സീറ്റുകളിൽ പ്രാദേശികമായി കുട്ടികളെ പ്രവേശിപ്പിക്കാൻ മൂന്നാം അലോട്ട്മെന്റിന് ശേഷം നടപടി സ്വീകരിക്കുമോ; | (സി) | ഒഴിവുകൾക്കനുസരിച്ച് കോളേജ് ലെവൽ സ്പോട്ട് അലോട്ട്മെന്റുകൾ അനുവദിക്കുന്നുണ്ട്. |
| (ഡി) | ഈ അശാസ്ത്രീയമായ പ്രവേശന സമ്പ്രദായം അവസാനിപ്പിക്കുവാനും അലോട്ട്മെന്റ് രീതി പരിഷ്കരിക്കാനും ശാസ്ത്രീയമായി ഇവയെക്കുറിച്ച് പഠിക്കാനും നടപടി സ്വീകരിക്കുമോ? | (ഡി) | സർവകലാശാലകളിൽ നടത്തുന്ന UG, PG അലോട്ട്മെന്റുകൾ മെറിറ്റ് - സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് കഴിയുന്നത്ര ഒഴിവുകൾ നികത്താവുന്ന രീതിയിൽ തികച്ചും കാര്യക്ഷമമായാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ